**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3990** **27-10-2021 - ൽ മറുപടിയ്ക്ക്**

**പുതിയ റേഷൻകടകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിനുകീഴിൽ പുതിയ റേഷൻകടകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (എ) | പുതിയതായി റേഷൻകട അനുവദിക്കുന്നത് ആ പ്രദേശത്ത് കടയുടെ ആവശ്യകത, പ്രദേശത്തിന്റെ പ്രത്യേകത, ആ കടയിൽ വരാനുള്ള കാർഡുകളുടെ എണ്ണം എന്നിവ പരിഗണിച്ചാണ്. ചുറ്റുപാടുമുള്ള എ.ആർ.ഡി. കളുടെ വരുമാനത്തെ ബാധിക്കാതെ കുറഞ്ഞത് 400 കാർഡ് എങ്കിലും പുതിയ കടയിൽ ഉണ്ടാകണം. |
| (ബി) | പുതിയ റേഷൻകടകൾ അനുവദിക്കുമ്പോൾ സ്ത്രീകൾക്ക് പ്രത്യേക പരിഗണനയുണ്ടോ; വിശദമാക്കുമോ? | (ബി) | ഉണ്ട്. കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 പ്രകാരം റേഷൻ കട ലൈസൻസി നിയമനങ്ങളിൽ സ്ത്രീകൾക്ക് 20% സംവരണം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ